# ACADEMIC MASTER PLAN

## GHSS VETTILAPPARA

# സ്കൂൾ ചരിത്രം
# ജി.എച്ച്.എസ്.എസ്.

തൃശ്ശൂർ ജില്ലയിലെ മലയോര മേഖലയായ അതിരപ്പിള്ളി പഞ്ചായത്തിലെ ഏക ഗവൺമെന്റ് ഹയർസെക്കന്ററി വിദ്യാലയമാണ് വെറ്റിലപ്പാറ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ. ചാലക്കുടിയിൽ നിന്ന് ഏകദേശം 25 കി.മീ. ദൂരത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

അര നൂറ്റാണ്ട് കാലത്തിന് മുമ്പ് വെറ്റിലപ്പാറയിൽ ഉണ്ടായിരുന്നത് ഒരു സർക്കാർ എൽ.പി. സ്കൂൾ മാത്രമായിരുന്നു. വെറ്റിലപ്പാറയിലെ എക്സ്-സർവ്വീസ്മാൻ കോളനി മുന്നേക്കറോളം സ്ഥലമാണ് സ്കൂളിനായി വിട്ടു നൽകിയത്. 1954 ൽ സ്ഥാപിതമായെങ്കിലും അംഗീകാരം കിട്ടിയത് 1957 ൽ ആയിരുന്നു. സ്കൂളിൽ അഡ്മിഷൻ നേടിയ ആദ്യത്തെ കുട്ടി പി.വി. ലളിതയായിരുന്നു. ശ്രീ.എം.ആർ. മാധവൻ മാഷായിരുന്നു സ്ഥപകൻ. അദ്ദേഹമാണ് 4-ാം ക്ലാസ്സ് വരെ കുട്ടികളെ പഠിപ്പിച്ചത്. പിന്നീട് നീലകണ്ഠൻമാഷ്, നാരായണൻ മാസ്റ്റർ എന്നിവരും എൽ.പി. അധ്യാപകരായി ജോലി ചെയ്തു. ഏകദേശം 120 കുട്ടികളാണ് എൽ.പി. വിഭാഗ ത്തിൽ ഉണ്ടായിരുന്നത്.

1961 ൽ ആണ് വെറ്റിലപ്പാറ സ്കൂൾ യു.പി. സ്കൂളായി മാറിയത്. 1974 ൽ ഹൈസ്കൂളുമായി മാറിയപ്പോൾ ആദ്യത്തെ പ്രധാന അധ്യാപിക ശ്രീമതി. കെ.അംബുജാക്ഷി ടീച്ചർ ആയിരുന്നു. 1977 ൽ ആണ് ആദ്യ എസ്.എസ്.എൽ.സി. ബാച്ച് പഠിച്ചിറങ്ങിയത്. ശ്രീ അലക്സ് ഫിൻഗോൺ പി.ജെ. ആയിരുന്നു അന്നത്തെ ടോപ്പർ. ആകെ 70 പേരാണ് എസ്.എസ്.എൽ.സി യിൽ ഉണ്ടായിരുന്നത്. പിന്നീട് ഈ സ്കൂൾ ഹയർസെക്കന്ററി തലം വരെ ഉയർന്നു.

## ആമുഖം

തൃശ്ശൂർ ജില്ലയിലെ മലയോര മേഖലയായ അതിരപ്പിള്ളി പഞ്ചായത്തിലെ ഏക ഗവൺമെന്റ് ഹയർസെക്കന്ററി വിദ്യാലയമാണ് വെറ്റിലപ്പാറ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ.1954-ൽ എൽ.പി.സ്കൂൾ ആയി പ്രവർത്തനം ആരംഭിച്ച വിദ്യാലയം ഇപ്പോൾ ഹയർസെക്കന്ററി തലം വരെ ഉയർന്നിട്ടുണ്ട്. ചാലക്കുടിയിൽ നിന്നും ഏകദേശം 25 കിലോമീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി 250 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. തുടർച്ചയായ വർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർത്ഥികളും തുടർ പഠനയോഗ്യത നേടി 100% വിജയം വിദ്യാലയത്തിന്

ലഭിക്കാറുണ്ട്. കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും വിദ്യാഭ്യാസ മേഖലയിലെ വളർച്ചക്കും സഹായകമായ നിരവധി പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിവരുന്നു. സമഗ്ര ഗുണമേന്മ പദ്ധതി പ്രകാരം വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും സ്കൂൾ തുറന്ന് രണ്ടാഴ്ചയിൽ നടപ്പിലാക്കി. ബോധവൽക്കരണ ക്ലാസുകൾ ഓരോ മേഖലയിലും വിദഗ്ദരായ വ്യക്തികളെ കൊണ്ടുവന്നു സംഘടിപ്പിച്ചു. ബേസ് ലൈൻ ടെസ്റ്റ് നടത്തി പഠനപിന്തുണ ആവശ്യമായ കുട്ടികളെ കണ്ടെത്തി ബ്രിഡ്ജ് കോഴ്സ് നൽകി. പഠനത്തോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങളും സജീവമായി തന്നെ വിദ്യാലയത്തിൽ നടത്തി വരുന്നു. മാതൃഭൂമി സീഡ് ക്ലബ്, അതിരപ്പിള്ളി പഞ്ചായത്തും റോട്ടറി ക്ലബ്ബും സഹകരിച്ചു നടത്തുന്ന കുട്ടി ഡോക്ടർ പദ്ധതി (കുട്ടികളിൽ ആതുര സേവന മനോഭാവം വളർത്തുന്നതിനു സഹായിക്കുന്നു), കൗമാരപ്രായക്കാരുടെ മാനസിക ശാരീരികവ്യക്തിത്വ വളർച്ചക്ക് ടീൻസ് ക്ലബ്ബ് (ക്ലാസ്സ് 9), പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ശ്രദ്ധ പദ്ധതി (ക്ലാസ്സ് 8,9), അക്ഷരക്ലാസുകൾ, കുട്ടികളിൽ സേവന മനോഭാവം വളർത്തു ന്നതിന് SSSS , യോഗ ക്ലാസ്സ്, സൂംബ ക്ലാസ്സ്, ലഹരി വിമുക്ത ചിന്താഗതി വളർത്തു ന്നതിനായി വിമുക്തി ക്ലബ്ബ്, സാങ്കേതിക രംഗത്ത് മികവ് തെളിയിക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്, ഗാന്ധിദർശൻ ക്ലബ്ബ്, പരിസ്ഥിതി സംരക്ഷണ ചിന്താഗതി വളർത്തുന്നതിനായി എക്കോ ക്ലബ്ബ്, വിദ്യാരംഗം ക്ലബ്ബ്, മലയാളം, ഗണിതം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ഹിന്ദി, ഇംഗ്ലീഷ്, എല്ലാ വിഷയ ക്ലബ്ബുകളും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

കുട്ടികളിലെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കു സാഹായകമായി സ്കൂൾ കൗൺസിലിംങ് ടീച്ചറുടെ സേവനം ആഴ്ച്ചയിൽ എല്ലാ ദിവസവും ലഭ്യമാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി ചാലക്കുടി BRC യിൽ നിന്നും സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും ലഭിക്കുന്നു. കൃത്യമായ ഇടവേളകളിൽ ക്ലാസ്സ് പി.ടി.എ യോഗങ്ങൾ ചേർന്ന് കുട്ടികളുടെ പഠനപുരോഗതി രക്ഷിതാക്കളു മായി ചർച്ച ചെയ്തു വരുന്നു. അക്കാഡമിക നിലവാരമുള്ള അധ്യാപകരുടെ ക്ലാസ്സു കൾ കുട്ടികൾക്ക് ലഭിക്കുന്നു. ഹൈടെക് സൗകര്യങ്ങളോട് കൂടിയ ഹൈസ്കൂൾ ക്ലാസ്സ് മുറികൾ, ലാപ്ടോപ്, ഇന്ററാക്ടീവ് ബോർഡ് തുടങ്ങിയ സൗകര്യങ്ങൾ വിദ്യാല യത്തിൽ ലഭ്യമാണ്. S.S.L.C. പരീക്ഷക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് സ്കൂളിലെ എല്ലാ അധ്യാപകരുടെയും സഹകരണത്തിൽ അധികസമയ പഠന ക്ലാസുകൾ നടത്തുന്നു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ സ്കൂൾ അസംബ്ലി നടത്തുന്നു. ഉണർവ് പദ്ധതി, സ്കൂൾ മാരത്തോൺ (SIM), YIP, എന്നീ ആശയങ്ങൾ സ്കൂൾ

സയൻസ് ക്ലബ്ബിൽ പങ്കുവയ്ക്കുന്നു. പഠനത്തോടൊപ്പം കലാകായിക മേഖലയിലും മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ ഇവിടത്തെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. തുടർച്ച യായ മൂന്നു വർഷങ്ങളിൽ ചാലക്കുടി ഉപജില്ല നീന്തൽ ചാമ്പ്യന്മാരാകാൻ കഴിഞ്ഞി ട്ടുണ്ട്. നമ്മുടെ വിദ്യാലയം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ ലക്ഷ്യം വച്ചുകൊണ്ട് അക്കാദമി മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നു.

**<u>ലക്ഷ്യങ്ങൾ – കാഴ്ച്ചപ്പാട്</u>**

സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കം നിൽക്കുന്ന കുട്ടികൾ അധി കവും പഠിക്കുന്ന സ്ക്കൂളിൽ ഓരോ വിദ്യാർത്ഥിയുടെയും സർവ്വതോന്മുഖമായ വികസനം മുൻനിർത്തി പ്രവർത്തനപദ്ധതി ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. ഭാവിയിൽ നല്ല പൗരൻമാരെ സൃഷ്ടിക്കുക എന്നതോടൊപ്പം സാമൂഹിക വികസനം കൂടിയാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. വിദ്യാലയ വികസന പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്ന വസ്തുതകൾ താഴെ ചേർക്കുന്നു.

**<u>ലക്ഷ്യങ്ങൾ</u>**

- ❖ സ്ക്കൂളിൽ എത്തിചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കാൻ കഴിഞ്ഞു എന്ന് ഉറപ്പു വരു ത്തുക, വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക.
- ❖ കുട്ടികളിലെ സർഗ്ഗപരവും, അക്കാദമികവും, കായികപരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിവുറ്റവരാക്കുക.
- ❖ ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീക രണ പരിപാടികൾ ആസൂത്രണം ചെയ്യുക.
- ❖ ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പുവരുത്തുക.
- ❖ ക്ലാസ്സുമുറികൾ ഹൈ-ടെക് ആക്കുന്നതിലൂടെ ബഹുമുഖപഠന തന്ത്ര ങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കുക.
- ❖ കലാകായിക പ്രവൃത്തി പരിചയമികവിനായി ആവശ്യമുള്ള അധ്യാപകരെ ഉറപ്പുവരുത്തുക.

- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിൽ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
- പഠനം ആകർഷകവും സർഗാത്മകവും ആക്കുന്നതിനായി വിദ്യാലയ ത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
- സ്ക്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി, ലാബുകൾ ആധുനികവൽക്കരിച്ച് പഠന പ്രക്രിയയുടെ ഭാഗമാക്കും.
- പഠന യാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സു കൾ സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- കാർഷിക സംസ്ക്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്ക്കാരമാക്കി വളർത്തിയെടുക്കുക.
- പുതിയ തലമുറ ലഹരിമുക്ത തലമുറ അതിനായി ഇടപെടലുകൾ നടത്തും.
- പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യഭ്യാസത്തിന് അവസരമൊരുക്കുക.
- സ്ക്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുക, പ്രാദേശിക വിഭവം ഉറപ്പുവരുത്തുക.
- സ്ക്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധനങ്ങളെ ഫലപ്രദമായി വിനിയോഗിച്ച് അക്കാദമികവും, ഭൗതികവും, സാമൂഹികവുമായ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുക.

**മലയാളം**

വിദ്യാർത്ഥികളുടെ ഭാഷാപഠന നിലവാരം ഉയർത്തുന്നതിനുള്ള സവിശേഷ പ്രവർത്തനങ്ങളും അതിന്റെ പ്രയോഗരീതികളും ഈ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഠനാനുഭവങ്ങളുടെ വൈവിധ്യം, ഐ.ടി. സാങ്കേതിക വിദ്യ പ്രശ്ന പരിഹാരത്തിന് ഉപയോഗിക്കൽ, പഠന വേഗതയ്ക്കനുസരിച്ചുള്ള ബോധന തന്ത്രം, സവിശേഷ പിന്തുണ തുടങ്ങിയ പ്രയോഗരീതികൾ അവയിൽ ചിലത്. ഈ അക്കാദമിക പദ്ധതി നിരന്തര വികസിതവും മാറ്റത്തിന് വിധേയവുമാണ്.

## മാതൃഭാഷാപഠനം - പ്രശ്നങ്ങൾ

### അക്കാദമികം

- 1 മുതൽ 12 വരെ ക്ലാസ്സിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.
- പഠന പ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ ഐ.സി.ടി. സാധ്യത എന്നിവ ഫലപ്രദമായി ഉവയോഗപ്പെടുത്താനാവുന്നില്ല.
- പഠനപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും ഗവേഷണാത്മകമായ രീതി (ട്രൈ ഔട്ട് ആക്ഷൻ റിസർച്ച്) പ്രയോജനപ്പെടുത്തുന്നില്ല.
- സ്ക്കൂളിലെത്തുന്ന 80 ശതമാനം കുട്ടികളും പട്ടികവർഗ്ഗ ഗോത്രവിഭാഗത്തിലുള്ളവരാണ്. അവരുടെ സംസാരഭാഷയും പാഠ്യപദ്ധതി സ്വീകരിച്ച മാനകഭാഷയും വ്യത്യസ്തമാണ്.

### ഭൗതീകം

- ക്ലാസ്സ് മുറികളുടെ സംവിധാനം,പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യപ്പെടുന്ന വിധത്തിലാകണം.
- ആധുനികമായി സജ്ജീകരിച്ച സ്ക്കൂൾ ലൈബ്രറി, ഓഡിയോ വിഷൻ, ഐ.ടി ലാബ്, ലാംഗ്വേജ് ലാബ് എന്നിവയുടെ അഭാവം.
- സാമൂഹികം
- വിദ്യാലയത്തിലെ അക്കാദമികവും ഭൗതീകവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നില്ല.

മേഖല : അക്കാദമികം

പ്രശ്നം : 1 മുതൽ 10 വരെയുള്ള ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി |
|---|---|---|
| **കുട്ടികൾ**<br>1. മുൻ ക്ലാസ്സിൽ ആർജ്ജിക്കേണ്ട ശേഷികൾ എല്ലാവരും നേടയിട്ടില്ല. | 1. പ്രീ. ടെസ്റ്റ് നടത്തി കുട്ടികളുടെ നില തിരിച്ചറിയുക.<br>2. അക്ഷര ക്ലാസ്സുകൾ, ശ്രദ്ധ പദ്ധതി എന്നിവയിലൂടെ എല്ലാ കുട്ടിക | 1. പ്രീ. ടെസ്റ്റ്<br>2. അടിസ്ഥാന ശേഷി വികസനപദ്ധതി<br>3. ഐ.സി.ടി. സാധ്യതയിലധിഷ്ഠിതമായ ആസൂത്രണം |

| | | |
|---|---|---|
| 2. വായനയോടുള്ള ഇഷ്ടക്കേട്<br>3. കുട്ടികളുടെ സംസാര ഭാഷയും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന മാനക ഭാഷയും വ്യത്യസ്ഥ മാണ്.<br>**<u>അധ്യാപകൻ</u>**<br>എല്ലാ കുട്ടികളെയും പഠനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി പരിഗ ണിച്ച് കൊണ്ടുപോകാൻ ബുദ്ധിമുട്ടാകുന്നു. വ്യത്യ സ്തതയുള്ളപ്രവർത്തന ങ്ങൾ വ്യത്യസ്ത ഗ്രൂപ്പി നായി നൽകാൻ കഴിയു ന്നില്ല.<br><br>**<u>സംവിധാനം</u>**<br>1. ഭിന്നനിലവാരമുള്ള കുട്ടികളെ പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനുള്ള സമയക്കുറവ്<br>2. പ്രാദേശിക ആവശ്യ ങ്ങൾ പരിഗണിച്ച് അധ്യാപക പരിശീലനം ഇല്ല.<br>3. തത്സമയ സഹായ സംവിധാനമില്ല<br>4. എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പാ ക്കുന്നില്ല. | ളേയും പരിഗണിക്കുന്ന ആസൂത്രണം.<br>3. പ്രദേശിക ആവശ്യ ങ്ങൾ ഭാഷാഭേദങ്ങൾ രൂപപ്പെടുത്തൽ<br>4. രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണ പദ്ധതികൾ<br>5. ശില്പശാലകൾ | 4. പ്രക്രിയ ബന്ധിതം<br>5. ശിശു കേന്ദ്രീകൃതം<br>6. പി.ടി.എ ബോധ വത്ക്കരണം<br>7. ശില്പശാലകൾ<br>(കഥ, കവിത, നാടകം) |

**പ്രശ്നം 2**

പഠനോപകരണങ്ങൾ, ഐ.സി.ടി. എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി |
|---|---|---|
| **<u>കുട്ടികൾ</u>**<br>1. ഗാർഹിക പ്രശ്നങ്ങൾ.<br>2. വായനാ സാമഗ്രിക ളുടെ അഭാവം. | 1. രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണം<br>2. .പഠനോപകരണങ്ങ ളുടെ നിർമ്മാണം. | 1. പഠനോപകരണ ശില്പശാല.<br>2. ഐ.സി.ടി. പരിശീ ലനം അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും. |

| | | |
|---|---|---|
| 3. പഠന ശൈലി പരിഗണിക്കാതിരിക്കുന്നത്.<br><br>**<u>അധ്യാപകൻ</u>**<br><br>1. പഠനസാമഗ്രികളുടെ അഭാവം.<br>2. ഐ.സി.ടി. സാധ്യതകളുടെ ലഭ്യത.<br>3. ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള സൗകര്യമില്ലായ്മ.<br><br>**<u>സംവിധാനം</u>**<br>1. സമയക്കുറവ്.<br>2. പരിശീലനക്കുറവ്<br><br>**<u>രക്ഷിതാക്കൾ</u>**<br>1. സാമ്പത്തികം.<br>2. കുട്ടികളുടെ യഥാർത്ഥ പ്രശ്നം മനസ്സിലാക്കുക | 3. ഡെമോൺസ്ട്രേഷൻ ക്ലാസ്സുകൾ.<br>4. ഐ.സി.ടി. സംവിധാനമൊരുക്കൽ.<br>5. ക്ലാസ്സ് ലൈബ്രറി. | 3. ക്ലാസ്സ് മുറി ഹൈടെക് വത്ക്കരണം. |

**പ്രശ്നം 3**

ഗവേഷണാത്മക അധ്യാപനത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി |
|---|---|---|
| **<u>കുട്ടികൾ</u>**<br>1. പഠനപുരോഗതി സ്വയം തിരിച്ചറിയാൻ കഴിയുന്നില്ല.<br>2. സ്വയം മെച്ചപ്പെടുത്തുന്നില്ല.<br><br>**<u>അധ്യാപകൻ</u>**<br>1. നിരന്തര വിലയിരുത്തലിനുള്ള പ്രക്രിയകൾ ആസൂത്രണം ചെയ്യുന്നില്ല.<br>പ്രക്രിയബന്ധിത ആസൂത്രണത്തിന്റെ അഭാവം. | 1. ക്ലാസ്സ് ലൈബ്രറി വായന മെച്ചപ്പെടുത്തുക.<br>2. അധ്യാപകർക്ക് ഗൈഡൻസ്.<br>3. അധ്യാപക കൂട്ടായ്മ<br>4. വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ<br>5. നിരന്തര വിലയിരുത്തലിന് പ്രാധാന്യം നൽകുന്ന പാഠാസൂത്രണം. | 1. ക്ലസ്സ് ലൈബ്രറി ഉറപ്പാക്കുക.<br>2. ശില്പശാല പഠന യാത്ര.<br>3. ഭാഷാധ്യാപകരുടെ കൂട്ടായ്മ സെമിനാർ.<br>4. പാഠാസൂത്രണം ശില്പശാല . |

| | | |
|---|---|---|
| **സംവിധാനം**<br>ക്ലാസ്സ് ലൈബ്രറി ഇല്ല. ഗവേഷണാത്മക അധ്യാപനം പ്രോത്സാഹിഷിക്കുന്നില്ല.<br>**രക്ഷിതാക്കൾ**<br>വിദ്യാർത്ഥികളുടെ നിലവാരം തിരിച്ചറിയാൻ കഴിയുന്നില്ല, | | |

**പ്രശ്നം 4**

വിദ്യാർത്ഥികളുടെ സംസാര ഭാഷയും പാഠ്യപദ്ധതി സ്വീകരിച്ച മാനക ഭാഷയും വ്യത്യസ്തമാണ്.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി |
|---|---|---|
| **കുട്ടികൾ**<br>1. കുട്ടികളുടെ ജീവിതാന്തരീക്ഷം.<br>2. സംസാര ഭാഷയിൽ നിന്നും വ്യത്യസ്തമായ ഭാഷയാണ് ക്ലാസ്സിലെ ഭാഷ.<br>3. ആത്മവിശ്വാസമില്ലായ്മ<br>4. അപകർഷതാ ബോധം<br><br>**അധ്യാപകൻ**<br>1. വ്യവഹാരഭാഷാശൈലി മനസ്സിലാക്കാൻ കാലതാമസം വേണ്ടി വരുന്നു.<br>പ്രത്യേക പരിശീലനത്തിന്റെ അഭാവം.<br>**സംവിധാനം**<br>നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തത.<br>**രക്ഷിതാക്കൾ**<br>നിസ്സഹായരാണ്. മെച്ചപ്പെട്ട സൗകര്യം പ്രതീക്ഷിക്കുന്നു. | 1. ആദിവാസി പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടനകളുമായി ബന്ധപ്പെട്ട ശില്പശാലകൾ.<br>2. ആത്മവിശ്വാസം ഉയർത്തുന്ന വിധത്തിൽ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | 1. ശില്പശാല.<br>2. കലാപ്രവർത്തനത്തിലധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ.<br>3. സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.<br>4. മുഴുവൻ സമയ ലൈബ്രേറിയൻ |

## ഉപഭാഷ - ഹിന്ദി

ഹിന്ദി ഉപഭാഷ നമ്മുടെ വിദ്യാലയത്തിൽ പഠിപ്പിച്ചുവരുന്നു. മാതൃഭാഷയിൽ നിന്നും ഭിന്നമായ നിരവധി പ്രശ്നങ്ങൾ ഈ വിഷയങ്ങളുടെ പഠനത്തിനുണ്ട്. ത്രിഭാഷാ പദ്ധതി അംഗീകരിച്ചതിന്റെ ഭാഗമായാണ് ഹിന്ദി പഠനം നിർബന്ധമാക്കിയത്. മറ്റു ഭാഷകൾ ഒന്നാം ഭാഷയായി തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കുണ്ട്. ഒരു ബഹുഭാഷാരാജ്യത്ത് അവനധി ഭാഷകളിലൂടെ ആശയ വിനിമയം നടത്താനുള്ള കഴിവ് വളർത്തുക തന്നെ വേണം. ഈ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ചേർക്കുന്നു.

**പ്രശ്ന വിശകലനം**

**അക്കാദമികം** : ഹൈസ്ക്കൂൾ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും നിർദ്ദേശിക്കപ്പെട്ട ശേഷികൾ ആർജ്ജിക്കാൻ കഴിയുന്നില്ല. അടിസ്ഥാന നൈപുണ്യങ്ങൾ നേടാത്ത കുട്ടികൾ ഉണ്ട്.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി |
|---|---|---|
| **കുട്ടികൾ**<br>❖ താൽപര്യക്കുറവ്.<br>❖ മുൻക്ലാസ്സുകളിൽ ആർജ്ജിക്കേണ്ട ശേഷികൾ നേടാനായിട്ടില്ല.<br>❖ ഭാഷാന്തരീക്ഷം ക്ലാസ്സുകളിൽ കിട്ടുന്നില്ല.<br>❖ ഉപഭാഷകൾ അന്യഭാഷയിലായി ഗണിക്കപെടുന്നതിനാൽ വേണ്ടത്ര പരിഗണന നൽകുന്നില്ല.<br>❖ വായനാ പ്രവർത്തനങ്ങളുടെ കുറവ്.<br><br>**അധ്യാപകൻ**<br>❖ കുട്ടികളുടെ നിലവാരത്തിലെ വ്യത്യാസം.<br>❖ കുട്ടികളുടെ സാഹചര്യത്തിനനുസരിച്ച് പരിഗണിക്കാൻ കഴിഞ്ഞില്ല. | ❖ അധ്യയന വർഷാരംഭത്തിൽ കുട്ടികളുടെ നിലവാരം അറിയുന്നതിന് പ്രീ ടെസ്റ്റ് നടത്തുക.<br>❖ അടിസ്ഥാന നൈപുണികൾ നേടാനാവശ്യമായ അധിക സമയ പഠനം നടത്തുക.<br>❖ എല്ലാതരം കുട്ടികൾക്കും പഠന പ്രവർത്തനത്തിൽ പങ്കാളിത്തം ഉറപ്പാക്കുക.<br>❖ അധ്യാപകരെ ശാക്തീകരിക്കുന്നതിനാവശ്യമായ പരിശീലനവും സാമഗ്രഹികളും ലഭ്യമാക്കുക. (പത്രം, പുസ്തകം, ഡിജിറ്റലൈസ് ചെയ്ത പാഠഭാഗങ്ങൾ) | 1. പ്രീ ടെസ്റ്റ്.<br>2. അടിസ്ഥാന ശേഷികൾ വികസിപ്പിക്കാനായി പ്രവർത്തനം.<br>3. പിയർ ഗ്രൂപ്പ് പ്രവർത്തനം.<br>4. ഐ.സി.ടി. അധിഷ്ഠിത പഠനാസൂത്രണം.<br>5. സർഗാത്മക ശില്പശാല.<br>6. പോസ്റ്റ് ടെസ്റ്റ്. |

| | | |
|---|---|---|
| ❖ കുട്ടികളിൽ 80 ശതമാനവും പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്നവരാണ്.<br><br>**സംവിധാനം**<br>❖ സമയക്കുറവ്<br>❖ പരിശീലനത്തിലെ അപര്യാപ്തത.<br>**രക്ഷിതാക്കൾ**<br>❖ വീടുകളിൽ പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല.<br>❖ പഠനകാര്യങ്ങളിൽ വേണ്ടത്ര ഇടപെടുന്നില്ല.<br>❖ പഠന നിലവാരം വിലയിരുത്തുന്നില്ല. | ❖ ലാംഗ്വേജ് ലാബ്.<br>❖ ലാംഗ്വേജ് ക്ലബ് ഇവ രൂപീകരിക്കുക.<br>❖ ഭാഷാ സിനിമകൾ കാണുക.<br>❖ (ഹിന്ദി, സംസ്കൃതം)<br>❖ അന്യഭാഷക്കാരുമായി സംസാരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.<br>3. ഐ.സി.ടി. ഫലപ്രദമായി ഉപയോഗിക്കൽ. | |

## ENGLISH

### Academic

Preface: English is the most commonly spoken language in the world. One out of five people can speak or at least understand English. English is the language of science, aviation, computers, diplomacy and tourism. Knowing English increases your chance of getting a good job in our nation. Inspite of all these, known importance of English remains a distant dream to most learners. So care should be taken to ensure that learner achieve the learning outcomes prescribed in the curriculam before they proceed to the next level of education.

### Issues

Learners haven't acquired the curriculam objectives.

| Reasons | Remedial Measures | Activities |
|---|---|---|
| **Students**<br>❖ Lack of interest<br>❖ Lack of skill | Pre test to asses the level of students.<br>Develop a project to enhance the basic skill of students. | Pre-test<br>Special module bridge course Language Lab. Module to address different level of student. |

| | | |
|---|---|---|
| **<u>Teacher</u>**<br>❖ Lack of time in implement creative activities in class rooms.<br>❖ Compelled to finish immediate tasks<br>❖ Lack of gifted children to give group activities.<br>❖ Majority of students hostelites<br>**<u>System</u>**<br>❖ English Trained Teachers are not appointed since learners number is limited.<br>❖ Syllabus oriented transaction of objectives.<br><br>**<u>Parent</u>**<br>❖ Lack of learning environment at home<br>❖ Lack of awareness | Plan different type of activities for different level of learners.<br>Appoint English Trained teacher to handle English. | |

**<u>Issue – 2</u>**

Lack of exposure to English literature providing reading skills, club activities doesn't promote different aspects of language.

| Reasons | Remedial Measures | Activities |
|---|---|---|
| **<u>STUDENTS</u>**<br>❖ Consider reading only as a part of classroom transactions.<br>❖ Lack of awareness in English literature. | ❖ Promote and execute programmes that helps reading skills. | ❖ Conduct an exhibition of literary works in English of different periods.<br>❖ Conduct various competitions book review |

| | | |
|---|---|---|
| ❖ Cannot comprehend an unfamiliar passage.<br><br>**<u>TEACHER</u>**<br>❖ Compelled to finish the immediate tasks.<br>❖ Lack of resource in promoting extended ready.<br>**<u>SYSTEM</u>**<br>❖ Promotes and monitor only classroom transactions.<br>**<u>PARENT</u>**<br>❖ Consider classroom as the only academic space.<br>❖ Not aware or various programmes in promoting reading skills. | | ❖ Weekly readers forum<br>❖ ICT. |

**Issue – 3**

Lack of real life situations in providing in English as a Language for communication.

| Reasons | Remedial Measures | Activities |
|---|---|---|
| **<u>STUDENTS</u>**<br>❖ Consider English only as an academic subject.<br>❖ No confidence in using English in real life situations.<br>❖ No scope at all at form form. | ❖ Frame various real life situations to promote communications skill in addition to class room experience. | ❖ English assembly.<br>❖ Field Trip interactions only in English<br>❖ School post office<br>❖ School radio FM. |

| | | |
|---|---|---|
| ❖ Teacher<br>❖ Compelled to finish immediate tasks.<br>❖ System<br>❖ No comprehensive evaluation tool to assess various languages skills.<br>❖ Doesn't give room for adequals real life situations.<br>**PARENT**<br>❖ Not aware of the importance of exposure of languages. | | |

**Issue – 4**

Lack of English Trained Teacher in School.

| Reasons | Remedial Measures | Activities |
|---|---|---|
| **STUDENTS**<br>❖ Doesn't conduct club activities relevant in promoting languages skill.<br>**TEACHER**<br>❖ Lack of time in training relevant club activities.<br>**SYSTEM**<br>❖ Consider only the academic<br>❖ Aspects of language<br>**PARENT**<br>❖ Lack awareness<br>❖ Limited number of children in school. | ❖ Frame activities that promote to good English<br>❖ Appoint English trained teachers at school<br>❖ Increase the strength of children at school. | ❖ English assembly.<br>❖ Field Trip interactions only in English<br>❖ School post office<br>❖ School radio FM. |

## അടിസ്ഥാന ശാസ്ത്രം

ആമുഖം : ശാസ്ത്രം ചലനാത്മകവും, വിജ്ഞാനപ്രദവും, അന്വേഷണാത്മകവുമാണ്. ദാരിദ്ര്യത്തിന്റെയും അജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും ഭൂഷിത വലയത്തിൽ നിന്നും പുറത്തു കടക്കാൻ ശാസ്ത്രം സഹായകമാണ്. സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുക, രാജ്യത്തെ ശാസ്ത്ര സാങ്കേതിക വിദ്യയിൽ മുൻ നിരയിലെത്തിക്കുക, എന്നിവയിലൂന്നിക്കൊണ്ട് വിദ്യാർത്ഥിയെ നയിക്കുന്നതാകണം ശാസ്ത്ര പഠനം.

കുട്ടിയിൽ ശാസ്ത്രാഭിരുചിയും, വേറിട്ട ചിന്തയും സർഗാത്മകതയും പരിപോഷിപ്പിക്കാനും സാധിക്കണം.

### പ്രശ്നം

**അക്കാദമികം**

- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ നേടാൻ കഴിയുന്നില്ല.
- പ്രശ്ന പരിഹരണത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല.
- ശാസ്ത്രാഭിരുചി വികസിപ്പിക്കുന്നതിന് പരിമിതിയുണ്ട്.
- പഠന പ്രവർത്തനങ്ങളുടെ ബാഹുല്യം, പഠനസമയത്തിന്റെ കുറവ് ഐ.സി.ടി. അധിഷ്ഠിതവും പ്രക്രിയാ ബന്ധിതവുമായ ആസൂത്രണത്തിലെ പരിമിതി എന്നിവ എല്ലാ കുട്ടികളുടെയും പഠനനേട്ടം ഉറപ്പ് വരുത്തുന്നതിന് തടസ്സമാകുന്നു.
- പ്രകൃതി, ചുറ്റുപാടുകൾ എന്നിവ പാഠപുസ്തകമാക്കി പഠനാനുഭവങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നില്ല.

| | | |
|---|---|---|
| **അധ്യാപകൻ**<br>❖ ഭിന്ന നിലവാരത്തിലുള്ള കുട്ടികൾ വ്യക്തിഗത ശ്രദ്ധക്കുള്ള സമയക്കുറവ്<br>❖ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത<br>❖ അറിവിന്റെ | ക്ലാസ്സുമുറികളിൽ ജ്ഞാന നിർമ്മിതിയെ പരിപോഷിപ്പിക്കാൻ ആവശ്യമായ സാമഗ്രികൾ, മൂല്യനിർണ്ണയോ | |

| | | |
|---|---|---|
| നിർമ്മാണം എന്നതിനു പകരം വിവര വിനിമയത്തെ ലഭ്യമാക്കുന്ന മൂല്യനിർണ്ണയ രീതി.<br>❖ ആധുനിക നിരന്തര മൂല്യനിർണ്ണയോപാധികൾ പ്രായോഗികമാക്കുന്നതിലെ ബുദ്ധിമുട്ടുകൾ<br>❖ ആവശ്യമായ റിസോർസുകളുടെ കുറവ്<br>**<u>സംവിധാനം</u>**<br>❖ ഭൗതീക സാഹചര്യം അപര്യാപ്തത.<br>❖ പ്രവർത്തനങ്ങളുടെ ബാഹുല്യം.<br>❖ ഗുണത്തിന് പകരം അളവിന് പ്രാധാന്യം നൽകുന്ന അവസ്ഥ<br><br>**<u>രക്ഷിതാക്കൾ</u>**<br>❖ കുട്ടിയുടെ പഠന നിലവാരം വിലയിരുത്താനോ മാർഗ്ഗനിർദ്ദശം നൽകാനോ കഴിയുന്നില്ല.<br>❖ കുട്ടിയുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ കണ്ടെത്താനും പരിഹരിക്കാനും കഴിയുന്നില്ല.<br>❖ വിദ്യാലയവുമായി വേണ്ടത്ര ബന്ധമില്ല. | പാധികൾ വികസിപ്പിക്കുക, PTA, CPTA, MPTA ശക്തിപ്പെടുത്തുക. | |

## <u>സാമൂഹ്യശാസ്ത്രം</u>

**ആമുഖം** : മാനവിക വിഷയങ്ങളായ ചരിത്രം, പൗരധർമ്മം, ഭൂമി ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ എല്ലാ വിദ്യാർത്ഥികൾക്കും പഠന മികവ് ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. ഇത്തരം വിഷയങ്ങൾ പഠിക്കുമ്പോൾ

വിദ്യാർത്ഥികളുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലവും പഠനവിഷയമാക്കേണ്ട താണ്. മാനവിക വിഷയങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാത്ത ഒരു സമൂഹമാണ് നമുക്ക് ചുറ്റുമുള്ളത്. സാമൂഹ്യശാസ്ത്ര വിഷയത്തിൽ എത്രമാത്രം ഉപരിപഠന സാധ്യതയുണ്ട് എന്ന് വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

**ഭൗതികം**

- ❖ ശാസ്ത്രപഠനത്തിനാവശ്യമായ ക്ലാസ്സുമുറികളുടെ അഭാവം.
- ❖ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ലാബ് സൗകര്യങ്ങളുടെയും സജ്ജീകരണങ്ങളുടെയും പഠനോപകരണങ്ങളുടെയും കുറവ്.
- ❖ ക്ലാസ്സുമുറികളിൽ ഐ.സി.ടി. പഠനത്തിന് അനുയോജ്യമായ റിസോർസുകളു ടെയും സൗകര്യങ്ങളുടെയും കുറവ്.
- ❖ എല്ലാ കുട്ടികൾക്കു വ്യക്തിഗതമായി കമ്പ്യൂട്ടർ/ലാപ്ടോപ് ഇവ കൈകാര്യം ചെയ്യാനുള്ള ലഭ്യതക്കുറവ്.

**സാമൂഹികം**

- ❖ പ്രാദേശികമായ ശാസ്ത്ര പ്രതിഭകൾ, പൂർവ്വാധ്യാപകർ, റിസോർസുകൾ ഇവ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.
- ❖ ശാസ്ത്രപഠനത്തിന്റെ പ്രാദേശിക സാധ്യതകൾ കണ്ടെത്തുവാനും ഉപയോഗ പ്പെടുത്തുവാനും സാധിക്കുന്നില്ല.

**പ്രശ്ന വിശകലനം**

**മേഖല : അക്കാദമികം**

**പ്രശ്നം 1** എല്ലാ കുട്ടികൾക്കു പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷി കളും നേടാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം പദ്ധതി |
|---|---|---|
| **കുട്ടികൾ**<br>❖ അടിസ്ഥാന ആശയ ങ്ങളിൽ ഉള്ള ധാരണ ക്കുറവ്.<br>❖ പഠനം ബുദ്ധിമുട്ടാണ് എന്ന മുൻവിധി.<br>❖ മാനസിക-ശാരീരിക പ്രശ്നങ്ങൾ. | ❖ ഓരോ ക്ലാസ്സിലും അടി സ്ഥാന ആശയങ്ങളും ശേഷികളും നേടി എന്ന് ഉറപ്പുവരുത്തുക.<br>❖ കുട്ടിയുടെ യഥാർത്ഥ കഴിവ് തിരിച്ചറിയുക.<br>❖ പ്രീ ടെസ്റ്റ് നടത്തി അവസ്ത നിർണ്ണയി ക്കുക. | 1. ക്ലസ്സ് ലൈബ്രറി ഉറ പ്പാക്കുക.<br>2. ശില്പശാല പഠന യാത്ര.<br>3. ഭാഷാധ്യാപകരുടെ കൂട്ടായ്മ സെമിനാർ.<br>4. പാഠാസൂത്രണം ശില്പശാല . |

| | | |
|---|---|---|
| ❖ പാഠപുസ്തം, പഠന പ്രവർത്തനം ഇവയി ലുള്ള താൽഷര്യ ക്കുറവ്.<br>❖ പഠനാനുഭവങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.<br>❖ ആശയങ്ങൾ പ്രായോ ഗികമായി ബോധ്യപ്പെ ടാൻ അവസരങ്ങളില്ല.<br>❖ സ്വയം പഠനത്തിന് അവസരകുറവ്. | ❖ അടിസ്ഥാന ശേഷികൾ, ചെറിയ ക്ലാസ്സുകളിൽ തന്നെ, പിന്നോക്ക ക്കാർക്കും ലഭ്യമാക്കത്ത ക്കവിധത്തിലുള്ള പ്രത്യേക പഠനപദ്ധതി തയ്യാറാക്കി നടപ്പിലാ ക്കുക.<br>❖ കുട്ടികളുടെ പഠനഗ്രൂപ്പ് ഉണ്ടാക്കുക.<br>❖ എല്ലാ ക്ലാസ്സ് മുറികളിലും സ്വയം പഠനം, സംഘ പഠനം, ഐ.സി.ടി. എന്നിവയ്ക്ക് അനുയോ ജ്യമായ ഉപകരണങ്ങൾ, ലാപ് ടോപ് ലഭ്യമാക്കുക. | |

കൈകാര്യം ചെയ്യുമ്പോൾ കുട്ടികളും അധ്യാപകനും നേരിടുന്ന അക്കാദമിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തനപദ്ധതിയാണ് ചുവടെ ചേർക്കുന്നത്.

**അക്കാദമിക പ്രശ്നങ്ങൾ**

1. എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ ധാരണ, എന്നിവ നേടാൻ കഴിയുന്നില്ല.
2. എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും സാധിക്കുന്നില്ല.
3. വൈവിധ്യമുള്ള പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നു.
4. പരിശീലനങ്ങൾ പഠനപ്രക്രിയകൾക്ക് വൈവിധ്യമുണ്ടാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും പൂർണ്ണമായും സാധിക്കുന്നില്ല.
5. പഠന പിന്നോക്കാവസ്ഥ ധാരാളമുള്ള കുട്ടികളായതിനാൽ ഗ്രൂപ്പ് പഠനം, ഗ്രൂപ്പ് പ്രവർത്തനം ഇവ സാധ്യമാകുന്നില്ല.
6. ഏകാധ്യാപകനായതിനാൽ വിഷയാധിഷ്ഠിത ചർച്ച സാധ്യമാകുന്നില്ല.
7. സാമൂഹ്യ ശാസ്ത്രാധ്യാപകൻ തന്നെ ഇംഗ്ലീഷ് വിഷയവും കൈകാര്യം ചെയ്യേണ്ടി വരുന്നതിനാൽ പഠിതാക്കൾക്ക് താൽപര്യക്കുറവ്.

8. ബൃഹത്തായ കരിക്കുലം.

9. വിദ്യാർത്ഥികൾ കുറവാണ്. 80 ശതമാനം പ്രീ-മെട്രിക്ക് ഹോസ്റ്റലിലാണ്.

10. രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ്.

11. പഠിതാക്കളുടെ സാമ്പത്തിക പ്രശ്നങ്ങൾ.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി |
|---|---|---|
| **കുട്ടികൾ**<br>❖ മുൻക്ലാസ്സുകളിൽ നേടാൻ നിർദ്ദേശിച്ചിരിക്കുന്ന ശേഷികൾ നേടാത്തത്.<br>❖ സാമൂഹ്യശാസ്ത്ര വിഷയത്തിലുള്ള വിമുഖത.<br>❖ വായനയുടെ അഭാവം.<br>❖ പഠനാനുഭവങ്ങളെ നിത്യജീവിതവുമായി ബന്ധിപ്പിക്കാൻ കഴിയുന്നില്ല.<br>❖ ഉള്ളടക്കത്തിന്റെ ബാഹുല്യം ആശയങ്ങൾ നേരിട്ട് ബോധ്യപ്പെടുത്താൻ കഴിയുന്നില്ല.<br>**അധ്യാപകൻ**<br>❖ ബാഹുല്യം കാരണം സമയക്കുറവ് നേരിടുന്നു.<br>❖ ഐ.സി.ടി സാധ്യത ഫഠനതന്ത്രത്തിൽ ഉൾപ്പെടുത്താൻ വേണ്ടത്ര പരിശീലനക്കുറവ്.<br>❖ ക്ലസ്റ്ററുകൾ- ക്ലാസ്സുമുറിയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാവുന്നില്ല.<br>**സംവിധാനം**<br>❖ ഭൂരിഭാഗം വിദ്യാർത്ഥികളും ഹോസ്റ്റൽ നിവാസികളാണ്. | ❖ പ്രീ ടെസ്റ്റ് പരിഹാര ബോധനം.<br>❖ ക്ലാസ് ലൈബ്രറി സജീവമാക്കി വായനയെ പ്രേരിപ്പിക്കുക.<br>❖ ഓരോ ക്ലാസിലെയും അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുസ്തകം തയ്യാറാക്കുക.<br>നിരന്തര മൂല്യ നിർണ്ണയവും പരിഹാര ബോധനവും ഉറപ്പാക്കുക.<br>ഐ.സി.ടി അധിഷ്ഠിത പഠനതന്ത്രത്തിനുള്ള പരിശീലനങ്ങൾ സ്ക്കൂൾ തലത്തിൽ ആസൂത്രണം ചെയ്യുക.<br>ക്ലാസ്സ് പി.ടി.എ. ബോധവൽക്കരണം<br>വിദഗ്ധരുടെ സഹായത്തോടെ പ്രത്യേക വിനിമയ പുസ്തകം തയ്യാറാക്കുക.<br>ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം<br>കരിക്കുലത്തിന്റെ ബാഹുല്യം കുറയുക.<br>ക്ലാസ്സുമുറികൾ ഹൈ-ടെക് ആക്കുക. | ❖ പ്രീ ടെസ്റ്റ് അടിസ്ഥാന ശേഷി വികസന ശില്പശാല.<br>❖ ക്ലാസ്സ് ലൈബ്രറികളിൽ പുസ്തക സമാഹരണം.<br>ഐ.സി.ടി അധിഷ്ഠിത പഠന തന്ത്രം ആസൂത്രണം ചെയ്യാനുള്ള ശില്പശാല നിത്യജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളെ കണ്ടെത്തുക. |

| | | |
|---|---|---|
| ❖ പ്രവർത്തന ബാഹുല്യം - ഇംഗ്ലീഷ്, സാമൂഹ്യശാസ്ത്രം അധ്യാപകൻ പഠിപ്പി ക്കേണ്ടി വരുന്നു.<br>❖ ഉള്ളടക്ക ബാഹുല്യം- ആശയവിനിമയം പ്രയാസകരമാകുന്നു.<br>**രക്ഷിതാക്കൾ**<br>❖ വിദ്യാർത്ഥികളെ മന സ്സിലാക്കാൻ മാർഗ്ഗ നിർദ്ദേശം നൽകാൻ കഴിയുന്നില്ല.<br>❖ പഠനം നഷ്ടപ്പെടു ത്തുന്ന ഗൃഹാന്ത രീക്ഷം. | | |

## അടിസ്ഥാന ഗണിതം

**ആമുഖം** : വിദ്യാർത്ഥികളുടെ ബുദ്ധിപരമായ വികാസത്തിന് ഏറ്റവും ഉപകാരപ്രദ മായ വിഷയങ്ങളിൽ ഒന്നാണ് ഗണിതം. ശാസ്ത്രീയ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അടിത്തറയും ഗണിതം തന്നെ. വേഗത, കൃത്യത, ഓർമ ഈ ഗുണങ്ങളൊക്കെ ഗണി തത്തിന്റെ പ്രത്യേകതയാണ്. ദൈനദിന ജീവിതത്തിലെ ഏതൊരു പ്രശ്നങ്ങളെയും യുക്തി ചിന്തയോടെ കൈകാര്യം ചെയ്യാൻ ഗണിത പഠനം സഹായകമാകും. ഗണിതം ഒരു മുഖ്യ വിഷയമാണ്. പക്ഷെ എല്ലാകുട്ടികളും ഭയത്തോടുകൂടിയാണ് ഗണിതം എന്ന വിഷയത്തെ കാണുന്നത്. ഗണിതം നിത്യജീവിതത്തിന്റെ ആവ ശ്യമാണ് എന്ന ചിന്തയിലേക്ക് കുട്ടികളെ എത്തിക്കുകയും വിദ്യാർത്ഥികൾക്ക് ഗണിതം പഠിക്കാൻ താൽപ്പര്യമുണ്ടാക്കുകയും ചെയ്യുക എന്നത് പ്രയാസകരമായ ഒരു ശ്രമമാണ്. എങ്കിലും അധ്യാപകനും കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിച്ചാൽ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലെത്താം.

## പ്രശ്ന വിശകലനം

പ്രശ്നം കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണകൾ നേടാൻ കഴി യുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി |
|---|---|---|
| **കുട്ടികൾ**<br>❖ അടിസ്ഥാന ആശയങ്ങ ളിൽ ഉള്ള ധാരണ | ❖ എല്ലാ ക്ലാസ്സുകളിലും നേടേണ്ട ശേഷികൾ നേടുക എന്നത് ഉറപ്പു | ❖ പ്രീ ടെസ്റ്റ്<br>❖ ഓരോ ക്ലാസ്സിലും നേടേണ്ട ശേഷികൾ |

| | | |
|---|---|---|
| ക്കുറവ് കാരണം ഗണിത ക്ലാസ്സിൽ മന സ്സിലാകുന്നില്ല എന്ന ബുദ്ധിമുട്ട് നേരിടുന്നു.<br>❖ മറ്റു വിഷയങ്ങളെ അപേക്ഷിച്ച് ഗണിതം ബുദ്ധിമുട്ടാണ് എന്ന മുൻവിധി.<br>❖ കണക്കു പുസ്തകം വായിച്ചു നോക്കാനുള്ള മനസ്സില്ലായ്മ.<br>❖ മൂല്യ നിർണ്ണയത്തിനു ശേഷം ഗണിതത്തിലാണ് മാർക്ക് കുറവ് എന്നത് വിഷയത്തോട് വെറുപ്പുണ്ടാക്കുന്നു.<br>❖ നിത്യജീവിതവുമായി ബന്ധപ്പെട്ട വിഷയമാണ് ഗണിതം എന്ന തിരിച്ചറിവില്ല. - അത് താൽപര്യക്കുറവുണ്ടാക്കുന്നു.<br>❖ നോട്ട് ബുക്ക്, പാഠ പുസ്തകം ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവയില്ലാതെ ക്ലാസ്സിൽ ഇരിക്കുന്നു.<br>❖ സ്വയം പഠനം, സഹ പഠനം, സംഘപഠനം എന്നിവയിൽ താൽപര്യക്കുറവ്.<br>**<u>അധ്യാപകർ</u>**<br>❖ സിലബസ്സിന്റെ ആധിക്യം കാരണം നിർദ്ദേശിച്ച ശേഷികളിലേക്ക് എത്തിക്കാൻ പറ്റാതെ വരുന്നു.<br>❖ വിനിമയത്തിനുള്ള സമയക്കുറവ്.<br>❖ കുട്ടികളുടെ താൽപര്യക്കുറവ്, നിഷ്ക്രിയത്വം, ഇവ കാരണം അധ്യാപ | വരുത്തുക.<br>❖ എല്ലാതരം കുട്ടികൾക്കുമായി പഠന പ്രവർത്തനം ആസൂത്രണം ചെയ്യുക.<br>❖ ആശയ വിനിമയത്തിന് സഹായകമാകുന്ന പഠനോപകരണ ശില്പശാല നടത്തുക.<br>❖ ഗണിത പഠനത്തിൽ താൽപര്യമുണ്ടാകുന്ന തരത്തിൽ ക്ലബ്ബ് പ്രവർത്തനങ്ങൾ, സംഘപഠനം, പസ്സിൽസുകൾ,ചാർട്ട് നിർമ്മാണം, ക്വിസ്, പദപ്രശ്നങ്ങൾ, തുടങ്ങിയ മത്സരങ്ങൾ നടത്തി പ്രോത്സാഹിപ്പിക്കുക.<br>❖ ഗണിത ലാബ് സജ്ജമാക്കജശ<br>❖ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തികൊണ്ടുള്ള ആസൂത്രണം ചെയ്യുക.<br>❖ ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തുക.<br>❖ മൂല്യനിർണ്ണയ രീതിയിൽ കാലാനുസൃതമായ മാറ്റം വരുത്തി മാനസിക വെറുപ്പ് ഒഴിവാക്കുക.<br>❖ ഓർമശക്തി പരിശോധിക്കാനായി ചില കാര്യങ്ങൾ കാണാതെ പഠിക്കാനും നിർദ്ദേശിക്കുക.<br>❖ ക്ലാസ്സ് ലൈബ്രറി, സ്ക്കൂൾ ലൈബ്രറി എന്നിവയിൽ ഗണിത പുസ്തകങ്ങൾക്ക് പ്രാധാന്യം നൽകുക. | പട്ടികപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകക.<br>❖ ഗണിത ക്ലബ്ബ് സജീവമാക്കുക.<br>❖ താഴ്ന്ന ക്ലാസ്സിലേതുൾപ്പെടെ പുസ്തകങ്ങൾ, ഇൻസ്ട്രുമെന്റ് ബോക്സ് ഇവ ലഭ്യമാക്കുക.<br>❖ പഠനോപകരണ ശില്പശാല<br>❖ അധ്യാപകർക്ക് ഐ.ടി അധിഷ്ഠിത പരിശീലനം നൽകുക.<br>❖ ക്ലാസ്സ് പി.ടി.എ യിൽ പഠന നേട്ടം, നിലവാരം ബോധ്യപ്പെടുത്തുക<br>❖ എല്ലാ ക്ലാസ്സുകളും ഹൈ-ടെക് ആക്കുക.<br>❖ ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. |

| | | |
|---|---|---|
| കന്റെ ഊർജ്ജം ചോരുന്നു.<br>❖ എല്ലാ കുട്ടികളിലും താല്പര്യം ഉണ്ടാക്കുന്ന രീതിയിൽ പഠന ക്ലാസ്സുകൾ മുന്നോട്ടു നയിക്കാൻ കഴിയു ന്നില്ല.<br><br>❖ പരീക്ഷയെ മുന്നിൽക്കണ്ട് പാഠ പുസ്തകത്തിലെ ആശയങ്ങളെ സമീപി ക്കുമ്പോൾ ആശയ ങ്ങൾ ഉറപ്പിക്കാതെ അടുത്തതിലേക്ക് പോകേണ്ടി വരുന്നു.<br>❖ 90 ശതമാനത്തി ലധികം പേരും നില വാരം കുറഞ്ഞ സമയ ത്തിനുള്ളിൽ സില ബസ് തീർക്കുകയും ഉദ്ദേശിക്കുന്ന ശേഷിക ളൊക്കെ ലഭ്യമാക്കാൻ ബുദ്ധിമുട്ട് അനുഭവ പ്പെടുന്നു.<br>❖ അധ്യാപകർക്ക് മറ്റു പല പ്രവർത്തനങ്ങളും ചെയ്യേണ്ടി വരുന്നത് അധ്യയനത്തെ ബാധി ക്കുന്നു.<br>**<u>സംവിധാനം</u>**<br>❖ പ്രവർത്തനങ്ങളുടെ ബാഹുല്യം അധ്യയന സമയത്തെ ബാധിക്കു ന്നു.<br>❖ ആവശ്യമായതിലും കൂടുതൽ കാര്യങ്ങൾ കൂട്ടിചേർത്ത് സില ബസ് ഉണ്ടാക്കുന്നു.<br>❖ നിത്യജീവിതുമായി ബന്ധപ്പെട്ട കാര്യ ങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കു | ❖ ക്ലാസ്സ് പി.ടി.എ - പഠി താക്കളുടെ അവസ്ഥ ബോധ്യപ്പെടുത്തുക<br>❖ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകുക.<br>❖ പാഠ്യേതര പ്രവർത്തന ങ്ങൾക്കും പരിഗണന നൽകുക. | |

| | | |
|---|---|---|
| ന്നില്ല.<br>❖ പഠനപിന്നോക്ക ക്കാർക്ക് പ്രത്യേക സംവിധാനമില്ല. (ടെക്സ്റ്റ് ബുക്ക്)<br>❖ എല്ലാ കുട്ടികളെയും ഒരേ മാനദണ്ഡത്തിൽ അളക്കാൻ പറ്റില്ല. പ്രത്യേക പരീക്ഷ സമ്പ്രദായം വേണം.<br>**രക്ഷിതാക്കൾ**<br>❖ എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പാക്കുന്നില്ല.<br>❖ രക്ഷിതാക്കൾ സ്കൂളുമായി വേണ്ടത്ര ബന്ധപ്പെടുന്നില്ല.<br>❖ പഠനോപകരണങ്ങളുടെ ആവശ്യകതയിലുള്ള ധാരണകുറവ്.<br>❖ സാമ്പത്തിക ശേഷി ശരിയല്ലാത്ത ഭക്ഷണ രീതികൾ.<br>❖ രക്ഷിതാക്കളുടെ മദ്യപാന ശീലം - കുട്ടികളിൽ അരക്ഷിതാവസ്ഥ.<br>❖ രക്ഷിതാക്കളുടെ താൽപര്യക്കുറവ്, അറിവില്ലായ്മ | | |

## ഹിന്ദി

| പ്രവർത്തനം | ചുമതല | പ്രതീക്ഷിത ചെലവ് |
|---|---|---|
| പ്രീ - ടെസ്റ്റ് | വിഷയസമിതി | 400 രൂപ |
| പരിഹാര ബോധനം | വിഷയസമിതി | 5,000 രൂപ |
| ICT അധിഷ്ഠിത പഠനം | വിഷയസമിതി PTA, OSA | 1,000 രൂപ |
| ശില്പശാല | വിഷയസമിതി | 10,000 രൂപ |
| പോസ്റ്റ് ടെസ്റ്റ് | വിഷയസമിതി | 400 രൂപ |
| ഇൻലാന്റ് മാഗസിൻ | വിഷയസമിതി | 2,000 രൂപ |
| **ഇംഗ്ലീഷ്** | | |
| പ്രീ - ടെസ്റ്റ് | വിഷയസമിതി | 400 രൂപ |

| | | |
|---|---|---|
| പരിഹാര ബോധനം | വിഷയസമിതി | 5,000 രൂപ |
| ICT | വിഷയസമിതി | 1,000 രൂപ |
| പുസ്തക പ്രദർശനം | വിഷയസമിതി PTA, OSA | 5,000 രൂപ |
| ഇംഗ്ലീഷ് ക്ലബ് | വിഷയസമിതി | 75,000 രൂപ |
| നാടക ക്ലബ് | വിഷയസമിതി PTA, OSA | 10,000 രൂപ |
| പോസ്റ്റ് ടെസ്റ്റ് | വിഷയസമിതി | 1,000 രൂപ |

## ഗണിതം

| പ്രവർത്തനം | ചുമതല | പ്രതീക്ഷിത ചെലവ് |
|---|---|---|
| പ്രീ - ടെസ്റ്റ് | വിഷയസമിതി | 400 രൂപ |
| ICT | വിഷയസമിതി | 1,000 രൂപ |
| ഗണിത ക്ലബ് | വിഷയസമിതി PTA | 10,000 രൂപ |
| പഠനോപകരണ ശില്പശാല | വിഷയസമിതി PTA | 10,000 രൂപ |
| വിദഗ്ധരുടെ ക്ലാസ് | വിഷയസമിതി PTA | 20,000 രൂപ |
| ക്ലാസ് ലൈബ്രറി | വിഷയസമിതി PTA, OSA | 10,000 രൂപ |

## മലയാളം, ഇംഗ്ലീഷ്

| പ്രവർത്തനം | ചുമതല | പ്രതീക്ഷിത ചെലവ് |
|---|---|---|
| പ്രീ - ടെസ്റ്റ് | വിഷയസമിതി | 400 രൂപ |
| അടിസ്ഥാന ശേഷി വികസനം | വിഷയസമിതി | 2,000 രൂപ |
| ICT അധിഷ്ഠിത പഠനം | വിഷയസമിതി | 1,000 രൂപ |
| ക്ലാസ്, പി.ടി.എ | ക്ലാസ് അധ്യാപകൻ | 6,000 രൂപ |
| പഠനോപകരണ നിർമ്മാണ ശില്പ ശാല | അധ്യാപകർ, PTA | 20,000 രൂപ |
| ഹൈടെക് ക്ലാസ് മുറി | PTA, BRC, RMSA, MLA, MP Fund | 2,000 രൂപ |
| ICT പരിശീലനം | SITC, J SITC | 10,000 രൂപ |
| ക്ലാസ് ലൈബ്രറി, വായനാമൂല | ക്ലാസ് അധ്യാപകർ, OSA, PTA | 60,000 രൂപ |
| ക്രിയാ ഗവേഷണം | വിഷയസമിതി | 10,000 രൂപ |
| പഠനയാത്ര | അധ്യാപകർ, OSA, PTA | 1,00,000 രൂപ |
| ഭാഷാധ്യാപക കൂട്ടായ്മ | വിഷയസമിതി | 10,000 രൂപ |
| പാഠാസൂത്രണ ശില്പശാല | വിഷയസമിതി | 4,000 രൂപ |
| കൈയ്യെഴുത്ത് മാഗസിൻ | ഭാഷാധ്യാപകർ, PTA | 10,000 രൂപ |
| എന്റെ മലയാളം ബ്ലോഗ് | ഭാഷാധ്യാപകർ, SITC, J SITC | 5,000 രൂപ |
| ചുമർപത്രം | വിഷയസമിതി | 2,000 രൂപ |
| സ്ക്കൂൾ വെബ്സൈറ്റ് | SITC, J SITC | 1,000 രൂപ |

| | | |
|---|---|---|
| ഓഡിയോ വിഷ്വൽ ലാബ് | SITC, വിഷയസമിതി | 10,000 രൂപ |
| പോസ്റ്റ് ടെസ്റ്റ് | വിഷയസമിതി | 500 രൂപ |
| സ്ക്കൂൾ ലൈബ്രറി | വിഷയസമിതി PTA, OSA | 50,000 രൂപ |
| ഭാഷാ ലാബ് | വിഷയസമിതി PTA, OSA | 75,000 രൂപ |

## കല സംസ്ക്കാരം

| പ്രവർത്തനം | ചുമതല | പ്രതീക്ഷിത ചെലവ് |
|---|---|---|
| കലാരൂപങ്ങളുടെ പ്രകടനം | വിഷയസമിതി, PTA, OSA, വികസനസമിതി | 50,000 രൂപ |
| ദിനാചരങ്ങൾ | വിഷയസമിതി | 20,000 രൂപ |
| സ്ക്കൂൾ വാർഷികം | അധ്യാപകർ, OSA, PTA, വികസനസമിതി | 75,000 രൂപ |
| സ്ക്കൂൾ റേഡിയോ | അധ്യാപകർ, PTA, OSA | 75,000 രൂപ |
| രക്ഷാകർത്തൃ ബോധവത്ക്കരണം | അധ്യാപകർ | 20,000 രൂപ |
| ക്ലാസ് PTA | വിഷയസമിതി, PTA | 75 ലക്ഷം രൂപ |
| പോസ്റ്റ് ടെസ്റ്റ് | വിഷയസമിതി | 1,000 രൂപ |
| ഗണിതമേള | വിഷയസമിതി, PTA, OSA | 20,000 രൂപ |

## അടിസ്ഥാന ശാസ്ത്രം

| പ്രവർത്തനം | ചുമതല | പ്രതീക്ഷിത ചെലവ് |
|---|---|---|
| പ്രീ - ടെസ്റ്റ് | വിഷയസമിതി | 400 രൂപ |
| പ്രാദേശിക പാഠം | വിഷയസമിതി PTA, OSA | 4,000 രൂപ |
| പാഠാസൂത്രണം | വിഷയസമിതി | 500 രൂപ |
| പഠന യാത്ര | വിഷയസമിതി, PTA | 50,000 രൂപ |
| ഗൃഹ സന്ദർശനം | വിഷയസമിതി, PTA | 10,000 രൂപ |
| പോസ്റ്റ് ടെസ്റ്റ് | വിഷയസമിതി | 1,000 രൂപ |

## സാമൂഹ്യ ശാസ്ത്രം

| പ്രവർത്തനം | ചുമതല | പ്രതീക്ഷിത ചെലവ് |
|---|---|---|
| പ്രീ - ടെസ്റ്റ് | വിഷയസമിതി | 400 രൂപ |
| ക്ലബ് പ്രവർത്തനം | വിഷയസമിതി, PTA, OSA | 10,000 രൂപ |
| ശില്പശാല | വിഷയസമിതി, PTA, OSA | 10,000 രൂപ |
| വിദഗ്ധരുടെ ക്ലാസ് | വിഷയസമിതി, PTA, OSA | 6,000 രൂപ |
| പോസ്റ്റ് ടെസ്റ്റ് | വിഷയസമിതി | 1,000 രൂപ |
| പഠന യാത്ര | വിഷയസമിതി, PTA | 40,000 രൂപ |

26